**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1359** **30-08-2022 - ൽ മറുപടിയ്ക്ക്**

**സമേതം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സമേതം പദ്ധതിയെക്കുറിച്ച് വിശദീകരണം നൽകുമോ; | (എ) | സംസ്ഥാനത്തെ സ്കൂളുകളെക്കുറിച്ചുള്ള വിശദാംശങ്ങൾ പൊതുജനങ്ങൾക്കും ദൃശ്യമാവുന്ന വിധത്തിലുള്ള ഓൺലൈൻ സ്കൂൾ ഡേറ്റാ ബാങ്കാണ് 'സമേതം' (www.sametham.kite.kerala.gov.in). കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയ പ്രസ്തുത പോർട്ടലിൽ സംസ്ഥാനത്തെ സ്കൂളുകളെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ, ഭൗതിക സൗകര്യങ്ങൾ, സ്റ്റാഫിനെ സംബന്ധിക്കുന്ന വിശദാംശങ്ങൾ, കുട്ടികളുടെ എണ്ണം, സ്കൂൾ വിക്കിയിലെ പേജ്, ലൊക്കേഷൻ മാപ്പ് വിശദാംശങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന വിവരങ്ങളിൽ കാമ്പസിലെ വിവിധ വിഭാഗങ്ങളുടെ സ്കൂൾ കോഡുകൾ, പാർലമെന്റ്-അസംബ്ലി-തദ്ദേശ സ്ഥാപനം എന്നിവയുടെ പേര്, വിലാസം തുടങ്ങിയവ ഉൾപ്പെടുന്നു. അമ്പതിലധികം ഭൗതിക സൗകര്യവിവരങ്ങൾ ഈ വിഭാഗത്തിലുണ്ട്. എല്ലാ അധ്യാപകരുടെയും അധ്യാപകേതര ജീവനക്കാരുടെയും തസ്തികയും പേരും ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസ്, മീഡിയം തിരിച്ചുള്ള കുട്ടികളുടെ എണ്ണം നൽകിയിട്ടുണ്ട്. സമേതത്തിൽ സ്കൂളുകൾ നേരിട്ട് സെർച്ച് ചെയ്യാനും, പാർലമെന്റ്-അസംബ്ലി മണ്ഡലങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ ജില്ലകൾ തുടങ്ങിയവ തിരിച്ച് റിപ്പോർട്ടുകൾ കാണാനും സൗകര്യമൊരുക്കിയിട്ടുണ്ട്. സമേതത്തിന്റെ ഹോം പേജിൽ സംസ്ഥാനതല ക്രോഡീകൃത വിവരങ്ങൾ ഡാഷ് ബോർഡായി നൽകിയിട്ടുണ്ട്. 'സമേത'ത്തിനായി പ്രത്യേകം ഡാറ്റാ ശേഖരണം നടത്തേണ്ടതില്ല. 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം, ഹയർ സെക്കന്ററി വിഭാഗത്തിന്റെ hscap (ഹയർ സെക്കന്ററി കുട്ടികളുടെ വിശദാംശങ്ങൾ), വൊക്കേഷണൽ ഹയർ |

| | | | |
|---|---|---|---|
| | | | സെക്കന്ററി വിഭാഗത്തിന്റെ vhscap (വൊക്കേഷണൽ ഹയർ സെക്കന്ററി കുട്ടികളുടെ വിശദാംശങ്ങൾ), ധനകാര്യ വകുപ്പിന്റെ 'സ്പാർക്' (ജീവനക്കാരുടെ വിശദാംശങ്ങൾ) എന്നീ സോഫ്റ്റ്‌വെയറുകളിൽ ഉൾപ്പെടുത്തിയ ഡാറ്റയിൽ സ്വകാര്യതയും സുരക്ഷിതത്വവും സംരക്ഷിച്ചുകൊണ്ട് 'സമേതം' പൊതു ഡൊമൈനിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ ഓഫീസർമാർ അവരവരുടെ അധികാര പരിധിയിൽ ഉൾപ്പെട്ട സ്കൂളുകളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ സമ്പൂർണ, സ്പാർക്ക്, hscap, vhscap തുടങ്ങിയ ആപ്ലിക്കേഷനുകളിൽ കൃത്യമായി പിശകു കൂടാതെ ഉൾപ്പെടുത്തുന്നതിനും അവ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ സ്കൂളുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി 'സമേതം' പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾ സമേതം ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്തെ സ്കൂളുകളെക്കുറിച്ചുള്ള വിശദാംശങ്ങൾ പൊതുജനങ്ങൾക്കും ദൃശ്യമാവുന്ന വിധത്തിലുള്ള ഓൺലൈൻ സ്കൂൾ ഡേറ്റാ ബാങ്കാണ് 'സമേതം' (www.sametham.kite.kerala.gov.in). കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയ പ്രസ്തുത പോർട്ടലിൽ സംസ്ഥാനത്തെ സ്കൂളുകളെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ, ഭൗതിക സൗകര്യങ്ങൾ, സ്റ്റാഫിനെ സംബന്ധിക്കുന്ന വിശദാംശങ്ങൾ, കുട്ടികളുടെ എണ്ണം, സ്കൂൾ വിക്കിയിലെ പേജ്, ലൊക്കേഷൻ മാപ്പ് വിശദാംശങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന വിവരങ്ങളിൽ കാമ്പസിലെ വിവിധ വിഭാഗങ്ങളുടെ സ്കൂൾ കോഡുകൾ, പാർലമെന്റ്-അസംബ്ലി-തദ്ദേശ സ്ഥാപനം എന്നിവയുടെ പേര്, വിലാസം തുടങ്ങിയവ ഉൾപ്പെടുന്നു. അമ്പതിലധികം ഭൗതിക സൗകര്യവിവരങ്ങൾ ഈ വിഭാഗത്തിലുണ്ട്. എല്ലാ അധ്യാപകരുടെയും അധ്യാപകേതര ജീവനക്കാരുടെയും തസ്തികയും പേരും ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസ്, മീഡിയം തിരിച്ചുള്ള കുട്ടികളുടെ എണ്ണം നൽകിയിട്ടുണ്ട്. സമേതത്തിൽ സ്കൂളുകൾ നേരിട്ട് സെർച്ച് ചെയ്യാനും, പാർലമെന്റ്-അസംബ്ലി മണ്ഡലങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ ജില്ലകൾ തുടങ്ങിയവ തിരിച്ച് റിപ്പോർട്ടുകൾ കാണാനും സൗകര്യമൊരുക്കിയിട്ടുണ്ട്. സമേതത്തിന്റെ ഹോം പേജിൽ സംസ്ഥാനതല ക്രോഡീകൃത വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | ഡാഷ് ബോർഡായി നൽകിയിട്ടുണ്ട്. 'സമേത'ത്തിനായി പ്രത്യേകം ഡാറ്റാ ശേഖരണം നടത്തേണ്ടതില്ല. 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം, ഹയർ സെക്കന്ററി വിഭാഗത്തിന്റെ hscap (ഹയർ സെക്കന്ററി കുട്ടികളുടെ വിശദാംശങ്ങൾ), വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിന്റെ vhscap (വൊക്കേഷണൽ ഹയർ സെക്കന്ററി കുട്ടികളുടെ വിശദാംശങ്ങൾ), ധനകാര്യ വകുപ്പിന്റെ 'സ്പാർക്' (ജീവനക്കാരുടെ വിശദാംശങ്ങൾ) എന്നീ സോഫ്റ്റ്‌വെയറുകളിൽ ഉൾപ്പെടുത്തിയ ഡാറ്റയിൽ സ്വകാര്യതയും സുരക്ഷിതത്വവും സംരക്ഷിച്ചുകൊണ്ട് 'സമേതം' പൊതു ഡൊമൈനിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ ഓഫീസർമാർ അവരവരുടെ അധികാര പരിധിയിൽ ഉൾപ്പെട്ട സ്കൂളുകളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ സമ്പൂർണ, സ്പാർക്ക്, hscap, vhscap തുടങ്ങിയ ആപ്ലിക്കേഷനുകളിൽ കൃത്യമായി പിശകു കൂടാതെ ഉൾപ്പെടുത്തുന്നതിനും അവ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ സ്കൂളുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി 'സമേതം' പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ